بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 13/03/15

**(21 JAMADUL AWWAL 1436 HIJIRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

## LIFE AND DESTRUCTION THROUGH THE MEANS OF NATURE
## സൃഷ്ടിയും സംഹാരവും പ്രകൃതിയിലൂടെ

സലാമിനും തശഹ്ഹുദ് തഅവ്വദ്, സൂറ അൽഫാത്തിഹ ഓതിയ ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) പറഞ്ഞു.

മുഖ്യ പ്രസംഗ വിഷയത്തിലേക്ക് വരുന്നതിന് മുമ്പ് നമ്മുടെ രാജ്യത്തിന്റെ 47-ാ മത് സ്വാതന്ത്ര്യദിനാഘോഷ ചടങ്ങുകളിൽ (12 മാർച്ച് 1968) പങ്കെടുക്കുവാൻ മുഖ്യാതിഥിയായി 2015 മാർച്ച് 11 ന് എത്തിയ സാക്ഷാൽ ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയുടെ മൗറീഷ്യസ് സന്ദർശനത്തെക്കുറിച്ച് അൽപം ചില കാര്യങ്ങൾ പറയുവാൻ ആഗ്രഹിക്കുന്നു. ആദരണീയനായ നരേന്ദ്രമോദി മൗറീഷ്യസിന് തന്റെ സാന്നിദ്ധ്യത്തിലൂടെ എല്ലാവിധ ആദരവും നൽകുകയും, ഇരു രാജ്യങ്ങളും പ്രത്യേക സൗഹൃദത്തിൽ കഴിയേണ്ടതിന്റെ പ്രാധാന്യം ഊന്നി പറയുകയും ചെയ്തു. രാജ്യ തന്ത്രജ്ഞൻ എന്ന നിലയിൽ അദ്ദേഹം കാണിച്ച വിനയം അഭിനന്ദനാർഹമാണ്. രാഷ്ട്രീയ നേതാക്കന്മാർ, സമൂഹത്തിന് ഏറ്റവും നല്ല മാതൃകകൾ ആകേണ്ടതാണ്. ബാഹ്യമായും ആന്തരികമായും. ഇന്നലെ ദേശീയ അസംബ്ലിയിൽ ശ്രീ നരേന്ദ്രമോദി തന്റെ സാന്നിദ്ധ്യം കൊണ്ട് അനുഗ്രഹിക്കുകയും, സ്വാതന്ത്ര്യദിനാഘോഷത്തെ സംബന്ധിച്ചും അത് നേടുന്നതിന് നടത്തിയ പോരാട്ടത്തെക്കുറിച്ചും പ്രതിപാദിക്കുകയുണ്ടായി. തദവസരത്തിൽ 1930 മാർച്ച് 12 ന് മഹാത്മാ ഗാന്ധി സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി നടത്തിയ ദന്തിയാത്രയെക്കുറിച്ചും അതിലൂടെ ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ച കാര്യവും അനുസ്മരിക്കുകയുണ്ടായി.

ഞങ്ങൾ, ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാം, ഇന്ത്യയുടെ നല്ല ഭാവിയ്ക്കായി, നല്ല രാജ്യതന്ത്രജ്ഞൻ എന്ന നിലയിൽ, ശ്രീ നരേന്ദ്രമോദി ആത്മാർത്ഥമായി ശ്രമിക്കുമെന്ന് പ്രതീക്ഷിക്കുന്നു.; അതുപോലെ ആഗോള സമൂഹവുമായി ഇന്ത്യയെ സമാധാനത്തിലും, നീതിയിലും, സ്വാതന്ത്ര്യത്തിലും, മഹത്തായ പ്രത്യാശകളാലും, പദ്ധതികളാലും ബന്ധിപ്പിക്കുമെന്നും കരുതുന്നു.

### സൃഷ്ടിയും സംഹാരവും പ്രകൃതിയിലൂടെ

സൃഷ്ടി ജലത്തിൽ നിന്നുമാകുന്നു. എന്നാൽ ചില സന്ദർഭങ്ങളിൽ ജലത്തിലൂടെ സംഹാരവും നടത്തപ്പെടുന്നു. ഏതും അതിര് കടന്നാൽ സമ്പൂർണ്ണനാശമായിരിക്കും ഫലം. മനുഷ്യന് ജലം ജീവിക്കുവാൻ ആവശ്യമാണ്. ജലം ദൈവത്തിന്റെ വരദാനമാണ്. വരണ്ട ഭൂമിയെ ജീവിപ്പിക്കുവാൻ മഴ വർഷിക്കുന്നു; മനുഷ്യന് ജീവിക്കുവാൻ ആവശ്യമായ ജലം അതിലൂടെ അവൻ പ്രദാനം ചെയ്യുന്നു.

### പ്രകൃതി സന്തുലിത കാത്തുസൂക്ഷിക്കുക

പലപ്പോഴും ദൈവീക ഇച്ഛയ്ക്ക് അനുസൃതമായിട്ടല്ല മനുഷ്യൻ തന്റെ പ്രവർത്തനങ്ങളെ തിരിച്ചുവിടുന്നത്. സ്വന്തം ഇച്ഛയ്ക്കനുസൃതമായി പ്രകൃതിയിൽ പ്രവർത്തിക്കുമ്പോൾ, പ്രകൃതി ഘടകങ്ങളെ അവനെതിരിൽ ദൈവം തിരിച്ചുവിടുന്നു. അപ്പോൾ നാം അതിനെ പ്രകൃതി ദുരന്തം എന്ന പേര് വയ്ക്കുന്നു. സത്യത്തിൽ അത് വ്യവസ്ഥാപിതമായി തയ്യാറാക്കിയ ദൈവീക ശിക്ഷയാണ്. മാനവകുലത്തിനെ ഒന്നുണർത്തുവാൻ! അവരുടെ തെറ്റുകൾ ഒന്ന് ബോധ്യപ്പെടുത്തുവാൻ ! ഏകനായ ദൈവത്തിനെമാത്രം ആരാധിക്കുവാനായി, അവർക്ക് ആവശ്യമുള്ളതെല്ലാം പ്രദാനം ചെയ്തവനാണവൻ ! അവനോടാണ് അവർ നന്ദിയുള്ളവരായിരിക്കേണ്ടത്.

ജലം ജീവനാകുന്നു. അതേ ജലം മരണഹേതുകവുമാകാം. സർവ്വശക്തനായ ദൈവം മഴവെള്ളം കൊണ്ട് പട്ടണങ്ങളെ വെള്ളത്തിനടിയിലാക്കുകയും നോഹ (അ) യുടെ ജനത്തെ മുക്കിക്കൊല്ലുകയും ചെയ്തു. മനുഷ്യന്റെ നിലനിൽപ്പിന് ആവശ്യമായ അതേ ജലത്തെ മരണകാരണമായ ഉപകരണമാക്കിമാറ്റുവാനും ദൈവത്തിന് കഴിയും. തന്റെ പ്രവാചകന്മാരിലൂടെ, സന്ദേശവാഹകരിലൂടെ ദൈവീക മുന്നറിയിപ്പുകൾ നൽകുമ്പോൾ, അത് സ്വീകരിക്കാതെ വരുമ്പോൾ, അതിനെ തിരസ്ക്കരിക്കുമ്പോൾ, അങ്ങനെ കുറ്റവാളികളായി മാറുമ്പോൾ, അല്ലാഹു (ത) അവരെ ശിക്ഷിക്കുവാനായി രക്ഷയുടെ ആയുധത്തെ ശിക്ഷയുടെ ആയുധമാക്കി മാറ്റുന്നു. തന്റെ പ്രവാചകനെ രക്ഷിക്കുവാൻ ജലത്തെ ദൈവം ഒരു ഉപകരണമാക്കിയിട്ടുണ്ട്. മോശയെയും അനുയായികളെയും രക്ഷിക്കുന്നതിന് ജലത്തെ, ജല ശിക്ഷയിൽ നിന്ന് ജല രക്ഷയാക്കി മാറ്റിയിട്ടുണ്ട്. അല്ലാഹു (ത) തന്റെ സേവകന്മാരെ രക്ഷപ്പെടുത്തുവാൻ സമുദ്രത്തെ തുറക്കുകയും, ധിക്കാരിയായ ഫറാവയേയും അനുയായികളേയും ശിക്ഷിക്കുവാൻ അതേ സമുദ്രത്തെ ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## മനുഷ്യരാശിക്ക് മുന്നറിയിപ്പ് നൽകുന്നു.

ഈ കാലഘട്ടത്തിലെ ദൈവീക ദൃഷ്ടാന്താരംഭം മുതൽ, അനേകം വിപത്തുകൾക്ക് നാം സാക്ഷ്യം വഹിച്ചിട്ടുണ്ട്. എന്നാൽ ദൈവീക ദൃഷ്ടാന്തത്തിന്റെ പ്രത്യേക പ്രകൃതി എന്നത്, അല്ലാഹുവിന്റെ ഒരു ദൂതന്റെ വരവോടെ, അതായത് അല്ലാഹു ആ ദൂതനിലൂടെ മനുഷ്യരാശിക്ക് മുന്നറിയിപ്പ് നൽകുന്നു, മനുഷ്യരെ പെട്ടെന്ന് പിടിക്കുന്നതിന് മുമ്പ് അഥവാ പ്രത്യേകിച്ച് കുറച്ച് ആളുകളെ പെട്ടെന്ന് പിടിക്കുന്നതിന് മുമ്പ്, ദൈവീക വെളിപാടുകളിലൂടെ അവരുടെ തെറ്റായ പ്രവൃത്തികളിൽ നിന്ന് പിൻതിരിയുവാനുള്ള താക്കീത് നൽകപ്പെടുന്നു.

## തെറ്റിന്റെ പര്യാവസാനം

തെറ്റായ പ്രവർത്തനങ്ങളുടെ അനന്തരഫലം അനുഭവിക്കേണ്ടി വരുമെന്ന് അല്ലാഹു (ത) വിശുദ്ധ ഖുർആനിലൂടെ ഓർമപ്പെടുത്തുന്നു. തങ്ങളുടെ മോശമായ പ്രവർത്തനങ്ങളുടെയും തെറ്റായ ചിന്തകളുടെയും പരിണിതഫലം അവരുടെ മേൽ പതിക്കുന്നതാണ്.

## മുന്നറിയിപ്പ് നൽകുന്നു.

തങ്ങളുടെ തെറ്റായ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുകയും നന്മ ചെയ്യുവാൻ ശ്രമിക്കുകയും ചെയ്യുന്നില്ലെങ്കിൽ, എല്ലാതരത്തിലുള്ള വിപത്തുകളും, പലവിധ രോഗങ്ങളും തങ്ങളിൽ ആപതിക്കുമെന്ന് അല്ലാഹു (ത) പ്രവാചകന്മാരിലൂടെ മുന്നറിയിപ്പ് നൽകുന്നു. ആയതിനാൽ ജനം ദൈവത്തെ പഴിച്ചിട്ട് കാര്യമില്ല; അവർ അവരെ തന്നെയാണ് പഴിക്കേണ്ടത്. ലോകം അഭിമുഖീകരിക്കുന്ന മഹാവിപത്തുകളുടെ മേൽ ഒരു സത്യം മറഞ്ഞ് കിടക്കുന്നു; അതായത് ഒരു വിപത്ത് ഒരു ജനതയെ പിടികൂടുമ്പോൾ ദുഷ്ടജനങ്ങളെ മാത്രമല്ല. നിരപരാധികളെയും ബാധിക്കുന്നു എന്നതാണ് ആ സത്യം. ഇതൊരു ഖിയാമത്താണ് – ഈ ജനങ്ങൾക്കെല്ലാം ഒരു സമയമെത്തിയിരിക്കുന്നു, വിധിനാൾ പോലെ, ഓരോ ആത്മാവും തങ്ങളുടെ പ്രവർത്തനങ്ങൾക്കുള്ള കണക്ക് ബോധിപ്പിക്കേണ്ടി വരുന്നു; കുറ്റവാളികൾ കുറ്റങ്ങളുടെ കണക്കും നല്ലവർ അവരുടെ കണക്കും, സമർപ്പിക്കേണ്ടി വരുന്നു. ആയതിനാൽ നമുക്ക് പരിപൂർണ്ണമായും പറയുവാൻ കഴിയുകയില്ല; ഒരു മഹാവിപത്തിലൂടെ യാതനകൾ അനുഭവിക്കുകയും മരണപ്പെടുകയും ചെയ്തവരെല്ലാം കുറ്റവാളികളാണെന്ന്. തെറ്റു ചെയ്തവർക്ക് അർഹമായ ശിക്ഷ അല്ലാഹു പ്രദാനം ചെയ്യുന്നു. ഇത് സംബന്ധമായി അല്ലാഹുവിന്റെ ദൂതന് ലഭിക്കുന്ന വെളിപാടുകളിലൂടെ കാര്യങ്ങൾ വ്യക്തമാക്കാത്തടത്തോളം കാലം ഇത് സംബന്ധമായ നിജസ്ഥിതി എന്താണെന്ന് പറയുവാൻ കഴിയുന്നതല്ല.

പട്ടണങ്ങളെ / ജനതയുടെ നാശത്തെക്കുറിച്ച് ഖുർആൻ സൂചന നൽകുന്നു. സമൂദ്, ഇറം, ആദ് , മൂസാ (അ) ന്റെ കാലത്തെ ഈജിപ്തിലെ ഫറാവ തുടങ്ങിയവ. ഖുർ ആൻ വ്യക്തമായും സൂചന നൽകുന്നു. ശരിയാണോ തെറ്റാണോ എന്ന് നോക്കാതെ നമുക്ക് വസ്തുതകളിൽ നിന്നും അനുമാനിക്കുവാൻ കഴിയും, ഈ ജനതകൾക്ക് ദൈവീക ശിക്ഷ ലഭിച്ചിട്ടുണ്ട്. അതിലൂടെ ഭൂമുഖത്ത് അവരുടെ വംശത്തിന് അന്ത്യം കുറിച്ചു. ആ ജനതയെക്കുറിച്ച് അവന്റെ പരിശുദ്ധ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഭൂമുഖത്ത് നിന്ന് അവർ

നിഷ്കാസനം ചെയ്യപ്പെട്ടു. ഭൂവാസികളെ ഓർമ്മപ്പെടുത്തുന്നതിനായി തന്റെ ശത്രുവിന്റെ മൃതശരീരത്തെപോലും സംരക്ഷിക്കുവാനുള്ള കഴിവുള്ളവനാണ് അവൻ എന്നും, തന്റെ അപാരമായ കഴിവിനെക്കുറിച്ച് ജനങ്ങളെ ഉണർത്തുന്നതിനായി മൂസ (അ) ന്റെ വളർത്തു പിതാവായ ഫറാവയുടെ മൃതശരീരം പോലും സംരക്ഷിക്കപ്പെട്ടിരിക്കുന്നുവെന്നതും ചിന്താർഹങ്ങളായ വസ്തുതകൾ തന്നെ ! അല്ലാഹു (ത) യുടെ കണക്ക് പുസ്തകത്തിൽ അസാധ്യമായി ഒന്നും തന്നെയില്ല. എന്നാൽ അല്ലാഹു ചില നിയമങ്ങൾ സ്ഥാപിച്ചിരിക്കുന്നു. അത് അവൻ പിന്തുടരുന്നു. ഭൂവാസികൾക്ക് ഇതൊരു മാർഗ്ഗരേഖയാണ്. അവർ ഇതനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. മനുഷ്യരാശിയോടുള്ള അവന്റെ കരുണാ പ്രകടനമാണത്.

**മുഴുവൻ ജനതയ്ക്കും**

ആയതിനാൽ, ഈ കാലത്തിലെ ദൈവീക ദൃഷ്ടാന്തത്തോടെ, ലോക ജനതയ്ക്കായി നിയോഗിതനായ അല്ലാഹുവിന്റെ ഖലീഫയുടെ ആഗമനത്തോടെ, മാനവരാശിയിലെ ഒരു വിഭാഗത്തിന് വേണ്ടി മാത്രമല്ല മറിച്ച് മുഴുവൻ ജനതയ്ക്കുമായി, വ്യക്തമായ മുന്നറിയിപ്പ് നൽകുവാനായി അല്ലാഹു (ത) ഈ വിനീതനെ തെരഞ്ഞെടുത്തിരിക്കുന്നു. ലോക ജനതയ്ക്ക് വിപത്തുകൾ ഇതാ സമാഗതമായിരിക്കുന്നു - അത് പ്രളയത്താലാകാം ; ഭൂകമ്പത്താലാകാം; ബോംബ് വർഷത്തിലൂടെയാകാം അങ്ങനെ പലവിധത്തിലും ! ചിലപ്പോൾ ചില പ്രത്യേക രാജ്യങ്ങളിലുമാകാം. കാരണം അവർ മതത്തിന്റെ പേരിൽ നിരപരാധികളെ കൊന്നൊടുക്കുന്നതിൽ അതിർ കവിഞ്ഞിരിക്കുന്നു.

കഴിഞ്ഞ 15 വർഷക്കാലം അപ്രതീക്ഷിതമായ വിപത്തുകളാൽ ലോകം നിറയപ്പെട്ടിരിക്കുകയായിരുന്നു. ആ മഹാ വിപത്തുകൾ ലോകത്തെ സ്തബ്ധമാക്കി തീർത്തുക്കൊണ്ടിരിക്കുന്നു. ഇപ്പോൾ നാം ആഗോള സമുദായത്തെക്കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കുന്നു. പോരാട്ടത്താൽ, യുദ്ധത്താൽ, ജലപ്രളയത്താൽ, ഭൂകമ്പത്താൽ, കൂട്ടിമുട്ടലാൽ, കണ്ടെത്തുവാൻ കഴിയാത്ത വിധം അപ്രത്യക്ഷമാകുന്ന വിമാനദുരന്തങ്ങളാൽ, അധികാരത്താലും കീർത്തിയാലും, ധനമോഹത്താലും നിരപരാധികളെ കൊന്നൊടുക്കിയ തന്റെ ശത്രുക്കളുടെ മരണത്താലും അല്ലാഹു (ത) തന്റെ പ്രവചന പൂർത്തീകരണം നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

ഇപ്പോൾ, ഇന്ത്യൻ മഹാസമുദ്രത്തിൽ, 2015 ആരംഭത്തിൽ കഴിഞ്ഞ മാസം മഡഗാസ്ക്കറിലെ വെള്ളപ്പൊക്കത്തിന് നാം സാക്ഷ്യം വഹിച്ചവരാണ്. ശ്രദ്ധിക്കേണ്ട ഒരു കാര്യം മഡഗാസ്ക്കറിൽ ദൈവീക സന്ദേശവുമായി ഈ വിനീതൻ പോയപ്പോൾ, കുറേ പേർ അത് സ്വീകരിച്ചു. എന്നാൽ വളരെ പേർ അത് തിരസ്ക്കരിച്ചു. മറ്റ് ചിലർ ബന്ധപ്പെടാമെന്ന് പറഞ്ഞു. ചിലർ അല്ലാഹുവിന്റെ ഖലീഫയെ പരിഹസിക്കുകയും കുഴപ്പങ്ങൾ ഉണ്ടാക്കുവാൻ ശ്രമിക്കുകയും, കയ്യിലുള്ള സാധനങ്ങൾ കൊള്ളയടിക്കുവാൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ തന്റെ ദൂതനെ അവരിൽ നിന്നും രക്ഷിക്കുകയുണ്ടായി. ഇപ്പോൾ ഈ രാജ്യം അങ്ങേയറ്റം പ്രയാസത്തിൽ അകപ്പെട്ടിരിക്കുകയാണ്. സാധുക്കളായിരിക്കെ, ഇപ്പോൾ അതിനെക്കാൾ പരിതാപകരമായ അവസ്ഥയിലേക്കവർ വഴുതി വീണിരിക്കുകയാണ്. നമുക്ക് അവരെയെല്ലാം കുറ്റപ്പെടുത്തുവാൻ കഴിയുമോ ? ഇല്ല. കുറേപേർ സന്ദേശം സ്വീകരിച്ചു, കുറേ പേർ സ്വീകരിച്ചില്ല. എന്നാൽ അല്ലാഹു (ത) ഒരു വിപത്ത് ഇറക്കുമ്പോൾ, അവൻ നിരപരാധികളെയും നീക്കം ചെയ്യുന്നു. അത് ചിലപ്പോൾ അവരുടെ അടിസ്ഥാന സൗകര്യങ്ങളിൽ നിന്നായിരിക്കാം അല്ലെങ്കിൽ ജീവൻ തന്നെയായിരിക്കാം. എന്തുകൊണ്ട് ഇങ്ങനെ ചെയ്യുന്നു ? ദൈവം അനീതി ചെയ്യുന്നവനാണോ ? കഠിന ഹൃദയനാണോ ? ഈ നിരപരാധികളുടെ മേൽ ഇത് ചെയ്യുവാൻ ! അല്ല ! ചിലപ്പോൾ സർവ്വശക്തനായ അല്ലാഹു ഇപ്രകാരം ചെയ്യാറുണ്ട്. ഒന്നാമതായി നിഷ്കളങ്കരും സത്യവാന്മാരും ആയവരുടെ മേലുള്ള ഒരു പരീക്ഷണമാണിത്; രണ്ടാമത് മരണഹേതുകമായ ഈ അവസ്ഥ സൃഷ്ടിച്ച് മറ്റുള്ളവർക്കൊരു ഗുണപാഠമായി തീരുന്നതിനുവേണ്ടി. എന്നാൽ യഥാർത്ഥത്തിൽ നിരപരാധികളായവരെ, അവരെ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരുന്നതാണ്. സർവ്വശക്തന്റെ കാരുണ്യത്താലും മാപ്പിനാലും ! അത്തരം ആളുകൾ രക്തസാക്ഷികളായിരിക്കും.

**രക്തസാക്ഷികൾ ആരെല്ലാം ?**

അബൂഹുറൈറ (റ) റിപ്പോർട്ട് ചെയ്യുന്നു. റസൂൽ (സ) പറഞ്ഞു. **"അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പോരാടി മരിക്കുന്നവൻ രക്തസാക്ഷിയാണ് ; അല്ലാഹുവിന്റെ മാർഗ്ഗത്തിൽ മരണപ്പെടുന്നവനും രക്തസാക്ഷിയാണ്.; പകർച്ചവ്യാധിയാൽ മരണപ്പെടുന്നവനും രക്തസാക്ഷിയാണ്. ; ആമാശയരോഗത്താൽ മരണപ്പെടുന്നവനും രക്തസാക്ഷിയാണ്; മുങ്ങിച്ചാവുന്നവനും രക്തസാക്ഷിയാണ്;"** (മുസ്ലീം)

സൈദ് ഇബ്ന് സൈയ്ദ് റിപ്പോർട്ട് ചെയ്തിരിക്കുന്നു, റസൂൽ (സ) പറഞ്ഞു. **"തന്റെ ധനസംരക്ഷണ ത്തിൽ മരണപ്പെടുന്നവൻ രക്ത സാക്ഷിയാണ്; തന്നെ തന്നെ രക്ഷപ്പെടുത്തുവാനുള്ള ശ്രമത്തിൽ മരണപ്പെടു ന്നവനും രക്തസാക്ഷിയാണ്, തന്റെ മത സംരക്ഷണത്തിൽ കൊല്ലപ്പെടുന്നവനും രക്തസാക്ഷിയാണ്; തന്റെ കുടും ബത്തെ സംരക്ഷിക്കുവാനുള്ള ശ്രമത്തിൽ മരണപ്പെടുന്നവനും രക്തസാക്ഷിയാണ്."** (അഹ്മദ്, തിർമിദി)

യഹ്യാ, മാലിക്കൽ നിന്നും വിവരിക്കുന്നു. അബ്ദുല്ലാ ഇബ്ന് അബ്ദുല്ലാഹ് ഇബ്ന് ജറീർ ഇബ്ന് ആതിക്ക് അതായത് ആതിക്ക് ഇബ്ന് അൽഹാരിസ് അദ്ദേഹത്തോട് പറഞ്ഞു. റസൂൽ (സ) പറഞ്ഞു. **" ഒരു രക്തസാക്ഷി മരണപ്പെടുമ്പോൾ അയാൾ എങ്ങനെയുള്ള ആളായിരിക്കണമെന്നാണ് കരുതുന്നത് ? അവർ പറ ഞ്ഞു. " അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള മരണം"** ദൈവദൂതർ (സ) പറഞ്ഞു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ മരണപ്പെട്ടവരെകൂടാതെ ഏഴ് തരത്തിലുള്ള രക്ത സാക്ഷികളുണ്ട്.

1. **പ്ളേഗ് ബാധിച്ച് മരണപ്പെടുന്നവൻ**
2. **മുങ്ങിച്ചാവുന്നവൻ**
3. **ശ്വാസകോശാവരണ രോഗത്താൽ മരണപ്പെടുന്നവൻ**
4. **ഉദരരോഗത്താൽ മരണപ്പെടുന്നവൻ**
5. **അഗ്നിബാധയാൽ മരണപ്പെടുന്നവൻ**
6. **കെട്ടിടം മറിഞ്ഞ് വീണ് അതിൽപെട്ട് മരണമടയുന്നവൻ**
7. **പ്രസവസമയത്ത് മരണപ്പെടുന്ന സ്ത്രീ ( അൽമുവത്വ)**

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കഠിനാധ്വാനം ചെയ്തുകൊണ്ടിരിക്കുന്ന ഒരു വ്യക്തി, അത്തരം വിപ ത്തിൽപ്പെട്ട് മരണപ്പെട്ടാൽ, അപ്പോൾ അവന്റെ മരണം അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള രക്തസാക്ഷിത്വമാണ്; അല്ലാതെ മറ്റൊന്നുമല്ല. എല്ലാം ആളുകളുടെ ഉദ്ദേശങ്ങൾക്കനുസരിച്ചും പ്രവൃത്തികൾക്കനുസരിച്ചുമായിരിക്കും പ്രതിഫലങ്ങൾ. അല്ലാഹു (ത) വിധിക്കുന്നത് ആളുകളുടെ പ്രവർത്തനങ്ങൾ മാത്രം കണക്കാക്കിയല്ല.; ഉദ്ദേ ശങ്ങൾകൂടി കണക്കിലെടുത്താണ്. പ്രത്യേകിച്ച് ഉദ്ദേശങ്ങൾക്ക് വളരെ പ്രാധാന്യമുണ്ട്. ഉദ്ദേശ്യങ്ങളാണ് പ്രവർത്തനങ്ങളുടെ നാരായവേര്. പ്രവർത്തനങ്ങളെ വഴിതിരിച്ച് വിടുന്നത് ഉദ്ദേശങ്ങളാണ്. അതു നല്ല പ്രവർത്തിയായാലും ശരി മോശം പ്രവർത്തിയായാലും ശരി !

കഴിഞ്ഞ കുറേ ദിവസമായി, ചെറു ദ്വീപായ മൗറീഷ്യസിലെ ജലവിതാനം ഉയർന്നുകൊണ്ടിരിക്കുക യാണ്. മാർച്ച് ആദ്യ ദിവസങ്ങളിൽ ഇവിടെ ശക്തമായ മഴയായിരുന്നു. മഴകാരണത്താൽ 2015 മാർച്ച് 9 ന് സർക്കാർ സ്കൂളുകൾക്ക് അവധി പ്രഖ്യാപിച്ചു. മൗറീഷ്യസിലുടനീളം ശക്തമായ മഴയും ഇടിയും മിന്നലുമാ യിരുന്നു. തന്മൂലം വൈദ്യുതിയും നിലച്ചു. മഴയെത്തുടർന്ന് മണ്ണിടിച്ചിലും വെള്ളപ്പൊക്കവും മൂലം വീടുക ളിൽ വെള്ളം കയറുകയും അവരുടെ സാധനസാമഗ്രികൾ വെള്ളത്തിനടിയിലാവുകയും ചെയ്തു. വാഹന ങ്ങൾക്കും കേടുപാടുകൾ സംഭവിച്ചു. ഉഷ്ണമേഖലയിലുള്ള ഹലീബ എന്ന് പേരിട്ട കൊടുങ്കാറ്റ്, മടഗാസ്ക്ക റിന്റെ കിഴക്ക് തീരത്ത് രൂപം കൊള്ളുകയും മൗറീഷ്യസിലും, റീ യൂണിയൻ ദ്വീപിലും, റോഡ്ഗ്രിസിലും അതി ശക്തമായ മഴ വർഷിക്കുകയുമുണ്ടായി. മണ്ണിടിച്ചിലിന്റെയും വെള്ളപ്പൊക്കത്തിന്റെയും കെടുതികൾ ആ ദ്വീപുകളെയും ബാധിക്കുകയുണ്ടായി.

2015 മാർച്ച് 6-ാം തീയതി മൗറീഷ്യസിൽ ഒരു ആകാശ വിസ്മയ ദൃഷ്ടാന്തമുണ്ടായി. മൗറീഷ്യസിൽ കഴിഞ്ഞ രണ്ട് വർഷമായി **"ലാ പ്രിനിയസ്"** ബീച്ചിന് സമീപം താമസമാക്കിയ ഫ്രഞ്ച് വനിതയും അവരുടെ സ്നേഹിതനും മൗറീഷ്യസ് ആകാശത്തും സമുദ്രത്തിലും രൂപം കൊണ്ട **നീർച്ചുഴി സ്തംഭത്തിന്** സാക്ഷ്യം വഹിക്കുകയുണ്ടായി. ഇത് അവരെ അത്ഭുതപ്പെടുത്തുകയും, ഭയചകിതരാക്കുകയും ചെയ്തു. നീർച്ചുഴി സ്തംഭങ്ങൾ പ്രത്യക്ഷപ്പെടുന്നത് മേഘ കൂമ്പാരങ്ങൾ ഒരുമിച്ച് കൂടുന്നതിനെ തുടർന്നാണ്. ഇടിയെ തുടർന്നു ള്ള മേഘ പ്രവർത്തനമാണിത്.

2000-2001 മുതൽ അല്ലാഹു (ത) പ്രകടമാക്കിയ ദൈവീക ദൃഷ്ടാന്തത്തിന്റെ ആരംഭം മുതലുള്ള വിപത്തുകളുടെ കണക്കെടുക്കുകയാണെങ്കിൽ അവയെല്ലാം രേഖപ്പെടുത്തുവാൻ ആയരിക്കണക്കിന് പേജു കൾ വേണ്ടി വരും. അവശേഷിക്കുന്ന വസ്തുത ഇതാണ് ; ഈ വിപത്തുകളിലൂടെ അനേകം ജീവൻ നഷ്ട മായി ; അവരിൽ ചിലർ കുറ്റവാളികളും മറ്റുചിലർ നിരപരാധികളുമായിരിക്കാം. ഈ ഇരുവിഭാഗങ്ങളിൽപ്പെട്ട

ആളുകളുടെയും വിധി നിർണ്ണയം അല്ലാഹുവിൽ മാത്രമാണ്. ജനങ്ങളെ വിധിക്കുവാനുള്ള അധികാരം ഒരു പ്രവാചകന് ഉണ്ടായിരുന്നെങ്കിൽ, അവന്റെ കഴിവ് ഉപയോഗിച്ച് അവരെ എല്ലാവരെയും നല്ല വിശ്വാസിക ളാക്കി മാറ്റി നിഷ്കളങ്ക വിശ്വാസത്തിന്റെ ഉടമകളാണ് എന്ന് വിധിക്കാമായിരുന്നു. **എന്നാൽ പ്രിയരെ, വിശ്വാസം എന്നത് അല്ലാഹുവിന്റെ ത്രാസ്സിലാണ് തൂങ്ങുന്നത്. അതിന്റെ തൂക്കം അറിയുന്നവനും അവൻ തന്നെ.** ഒരു ദൈവ ദൂതന് ഒരു കാര്യത്തെക്കുറിച്ച് തറപ്പിച്ചു പറയുവാൻ കഴിയുന്നത്, അല്ലാഹുവിൽ നിന്നുള്ള വ്യക്ത മായ വെളിപാടിലൂടെമാത്രമാണ്. തന്റെ സത്യതയ്ക്ക് ഭൂമിയിൽ സാക്ഷികളാകാൻ ജനങ്ങൾക്ക് അദ്ദേഹം പ്രവ ചനത്തിലൂടെ അത് സമർപ്പിക്കുന്നു. അത്രമാത്രം ! അല്ലാതെ, ഒരു ദൈവ പ്രവാചകന്, ഹൃദയത്തിന്റെ ഉള്ള റകളിലുള്ളത് അറിയുവാൻ, ഒരു മനുഷ്യനും കഴിയാത്തതുപോലെ, പ്രവാചകനും സാധ്യമല്ല. അതുകൊണ്ട് തന്നെ അതനുസരിച്ച് വിധിക്കുവാനും !

സത്യാന്വേഷകർക്ക് അല്ലാഹുവിൽ നിന്നുള്ള സത്യം ദർശിക്കുവാൻ അല്ലാഹുവിന്റെ കണ്ണുകളിലൂടെ, അവൻ അവരെ പ്രാപ്തമാക്കട്ടെ ! ദൈവീക ദൃഷ്ടാന്തത്തിന്റെ സത്യത ദർശിക്കുവാൻ അവരുടെ ഹൃദയ ങ്ങൾക്ക് അവൻ മാർഗ്ഗദർശനം നൽകട്ടെ ! വിശുദ്ധ ഖുർ ആനിൽ പറയപ്പെട്ട അല്ലാഹുവിന്റെ വിശുദ്ധ നിയ മങ്ങൾ പിന്തുടരുവാൻ അവർക്ക് കഴിയട്ടെ ! **മാനവകുലത്തിൽ ആത്മീയ മരണം സംഭവിച്ചവർക്ക്, പുതുജീ വൻ നൽകുവാനാണ് എന്നെ നിയോഗിച്ചിട്ടുള്ളത്. എന്റേത് ഒരു സാർവ്വദേശീയ ദൗത്യമാണ്. ഈ കാലഘട്ടത്തിൽ അല്ലാഹു (ത) വെളിപ്പെടുത്തുന്ന പ്രകാശം സ്വീകരിക്കുവാൻ, നിങ്ങളുടെ ഹൃദയങ്ങൾ ആത്മാർത്ഥമായി തുറ ക്കുവാൻ നിങ്ങൾ തയ്യാറാണോ ? എങ്കിൽ സംശയരഹിതമായി, ഭയരഹിതമായി ഈ പ്രകാശം സ്വീകരിക്കുവാൻ നിങ്ങൾക്ക് കഴിയുന്നതാണ്. അല്ലാഹു (ത) അവൻ തെരഞ്ഞെടുത്തവനിലേക്ക് നിങ്ങൾക്ക് മാർഗ്ഗദർശനം നൽകട്ടെ ! അവൻ നിയോഗിതനായിരിക്കുന്നത് നിങ്ങളെയെല്ലാവരെയും അവനിലേക്ക് നയിക്കുന്നതിനാണ്. സംശുദ്ധമായ ഹൃദയത്തോടെ അല്ലാഹുവിലേക്ക് എത്താനുള്ള ഏറ്റവും നല്ല വഴികൾ അവനിലൂടെ തുറക്കപ്പെ ട്ടിരിക്കുന്നു. അല്ലാഹുവിന്റെ ഈ പ്രകാശം പരിശുദ്ധമായ സ്വർഗ്ഗീയ ജലമാണ്. ഈ ജലം അല്ലാഹുവിൽ നിന്നു ള്ളതാണ്. ദൈവീക അനുഗ്രഹങ്ങളും സമാധാനവും ദാഹിക്കുന്നവരെ, വരൂ..! ഈ ജലം പാനം ചെയ്യൂ..! നിങ്ങൾ നിത്യത പ്രാപിക്കുന്നതാണ്. ഇൻശാ അല്ലാഹ് !**


**Issued By**

**R. Jamaludin Raother**

**Amir**

Jamaat-Ul-Sahih-Al-Islam, Kerala South zone

*Ph: 9447001832 / 9495207982 / 0475 2220223*

*email : jamal.raother@gmail.com*

*www.jamaat-Ul-Sahih-Al-Islam.com*


*****************